# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എല്ലാ പഠന വകുപ്പുകളിലും നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് അനുവദിക്കപ്പെട്ട സീറ്റുകൾക്കു പുറമേ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓരോ വർഷവും ആർട്ട്സ് / സ്പോർട്ട്സ് ക്വാട്ടയിൽ ഒരു അധിക സീറ്റ് 2017-18 അക്കാദമിക വർഷം മുതൽ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം.3084/എ1/2017/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 24.05.2017

---

പരാമർശം : 1. കുമാരി രെഞ്ചു മിറിയം ചെറിയാൻ 14.05.2014 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
2. 29.04.2017-ൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം. 58/15.08/8223 തീരുമാനം.

## ഉത്തരവ്

കുമാരി രെഞ്ചു മിറിയം ചെറിയാൻ, സർവ്വകലാശാലാ പഠന വകുപ്പായ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.എസ്.സി. ഫിസിക്സ് പ്രോഗ്രാമിന് കൾച്ചറൽ ക്വാട്ടയിൽ പ്രവേശനം നൽകുവാൻ പരാമർശം (1) പ്രകാരം, അപേക്ഷ സമർപ്പിച്ചിരുന്നു.

നിലവിൽ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ മാത്രമേ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് കൾച്ചറൽ ക്വാട്ടയിൽ സീറ്റ് അനുവദിച്ചിട്ടുള്ളൂ. സർവ്വകലാശാലാ സിൻഡിക്കേറ്റ് ടി വിഷയം പരിഗണിക്കുകയും, സർവ്വകലാശാലയുടെ എല്ലാ പഠന വകുപ്പുകളിലും നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് അനുവദിക്കപ്പെട്ട സീറ്റുകൾക്കു പുറമേ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓരോ വർഷവും ആർട്ട്സ് / സ്പോർട്ട്സ് ക്വാട്ടയിൽ ഒരു അധിക സീറ്റ് 2017-18 അക്കാദമിക വർഷം മുതൽ അനുവദിക്കുവാൻ പരാമർശം (2) പ്രകാരം, തീരുമാനിക്കുകയും ചെയ്തു.

തദനുസരണം, ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ പഠന വകുപ്പുകളിലെ വകുപ്പ് മേധാവികൾക്കും
2. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
4. ജെ.ആർ (ഭരണ വിഭാഗം /പരീക്ഷ)
5. ഡി.ആർ/എ.ആർ. (ഭരണ വിഭാഗം/അക്കാദമിക വിഭാഗം/പരീക്ഷ)
6. ഡി.എസ്.എസ്. /സി.എസ്.എസ്/പി.ആർ.ഒ./അന്വേഷണ വിഭാഗം
7. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.
8. എസി.ബി 6/എസി.ബി 7 സെക്ഷനുകൾ
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. ഡി.എസ്.എസ്/1/65/പി.ജി. അഡ്മിഷൻ